(സി) സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് മാത്രമായി യാതൊരു ഫണ്ടും വകയിരുത്തിയിട്ടില്ല. എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ./ എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്

59 (1135) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറിക്ക് തുല്യതാ കോഴ്സ് നടത്തുന്നുണ്ടോ;

(ബി) തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്;

(സി) ഏതൊക്കെ ഗ്രൂപ്പുകളിലാണ് തുല്യതാ കോഴ്സ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന പത്താം തരം തുല്യതാ കോഴ്സ് പാസ്സായവർ, ഔപചാരിക തലത്തിലുള്ള എസ്.എസ്.എൽ.സി. വിജയിച്ചതിനുശേഷം പഠനം നിർത്തിയവർ, ഔപചാരികതലത്തിലുള്ള പ്ലസ് ടു/പ്രീ-ഡിഗ്രി പഠനം ഇടയ്ക്ക്വെച്ച് നിർത്തിയവർ, പരീക്ഷയിൽ പരാജയപ്പെട്ടവർ, പത്താംതരം തുല്യതാ കോഴ്സ് പാസ്സായവർ ഒഴികെയുള്ള വിഭാഗത്തിലെ പഠിതാക്കൾക്ക് രജിസ്ട്രേഷൻ കാലയളവിൽ ജൂൺ 1-ന് 22 വയസ്സ് പൂർത്തിയായിരിക്കണം എന്നിവയാണ് തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതകൾ.

(സി) ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകളിൽ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി അല്ലെങ്കിൽ ഗാന്ധിയൻ സ്റ്റഡീസ് എന്നിവയും, കോമേഴ്സ് ഗ്രൂപ്പിൽ അക്കൗണ്ടൻസി, ബിസിനസ്സ് സ്റ്റഡീസ്, എക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് എന്നിവ ഐശ്ചിക വിഷയങ്ങളും, പാർട്ട് I-ൽ ഇംഗ്ലീഷും, പാർട്ട് II-ൽ മലയാളം അല്ലെങ്കിൽ ഹിന്ദി എന്നിവയുമാണ് സിലബസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗസ്റ്റ് അദ്ധ്യാപക നിയമനം

60 (1136) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച സർക്കാർ-എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകരിൽ സർക്കാർ സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് മാത്രം വേതനം നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എയ്ഡഡ് സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്കും വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എയ്ഡഡ് സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്ക് വേതനം നൽകുന്ന വിഷയം പൊതുവിദ്യാഭ്യാസ (ടി) വകുപ്പിന്റെ 48404/ടി2/2015/പൊ.വി.വ. ഫയലിൽ പരിശോധിച്ചു വരുന്നു.

(സി) 24-11-2014-ലെ സ.ഉ.(കൈ).247/2014/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച് സൃഷ്ടിച്ച/അധിക ബാച്ചുകൾ എന്നിവയിൽ തസ്തിക നിർണ്ണയം നടത്തുന്നതിന്റെ ഭാഗമായി 31-7-2014-ലെ സ.ഉ.(കൈ).143/2014/പൊ.വി.വ. സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള നിർദ്ദിഷ്ട മാനദണ്ഡങ്ങൾ ക്കനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങൾ സ്കൂളുകളിൽ ഉണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജോയിന്റ് ഡയറക്ടർ (അക്കാദമിക്), ജോയിന്റ് ഡയറക്ടർ (പരീക്ഷാ വിഭാഗം) എന്നിവർ അംഗങ്ങളായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി ഇതു സംബന്ധിച്ച് റിപ്പോർട്ട് ഹയർ സെക്കന്ററി ഡയറക്ടർക്ക് ലഭ്യമാക്കിയശേഷം തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വ്യക്തമായ ശിപാർശ ഹയർ സെക്കണ്ടറി ഡയറക്ടർ സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

എച്ച്.എസ്.എ. ഫിസിക്കൽ സയൻസ്

61 (1137) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 സെപ്റ്റംബർ മാസം നടന്ന എച്ച്.എം. പ്രൊമോഷൻ വഴി തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ വന്ന ഒഴിവുകൾ എത്രയെന്ന വിശദമാക്കുമോ ;

(ബി) 2014-15 സ്റ്റാഫ് ഫിക്സേഷൻ നടന്ന ശേഷം 2015 ഒക്ടോബർ 15-ന് പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അധിക എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികകൾ എത്രയെന്നുവിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly